ട്രാൻസ്പോർട്ട് കോർപ്പറേഷന് വായ്പ

*85 [93] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, കെ. അനിരുദ്ധൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ വായ്പക്കുവേണ്ടി ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തുക എത്ര;

(സി) വായ്പ എന്തിനുവേണ്ടി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി, സി) കെ.എസ്.ആർ.ടി.സി. മാനേജുമെൻറും ജീവനക്കാരും തമ്മിൽ അടുത്തകാലത്തുണ്ടാക്കിയ ദീർഘകാല കരാറനുസരിച്ച് തൊഴിലാളികൾക്കു നൽകേണ്ട ശമ്പളകുടിശിക കൊടുക്കാൻവേണ്ട തുക പലിശയില്ലാത്ത ദീർഘകാല വായ്പയായി നൽകണമെന്നു കോർപ്പറേഷൻ അപേക്ഷിച്ചു. വേണ്ട പരിശോധനക്കുശേഷം 9 കോടി രൂപ പലിശയുള്ള വായ്പയായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ സംഖ്യ വായ്പയായി എടുക്കാതെ കോർപ്പറേഷൻറെ പ്രവർത്തനംകൊണ്ട് ലാഭം ഉണ്ടാക്കിയെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോർപ്പറേഷന് ലാഭമുണ്ടാക്കിയെടുക്കണമെന്നുള്ള ആഗ്രഹത്തിലാണ് ആരംഭം മുതൽ പ്രവർത്തിച്ചിട്ടുള്ളത്. ആരംഭം മുതൽ ഇന്നുവരെ അതിന് ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് പരമാർത്ഥമാണ്. ഇനിയെങ്കിലും കൂടുതൽ ലാഭമുണ്ടാക്കാൻവേണ്ടി സാധനങ്ങളുടെ വിലവർദ്ധനവിനനുസരിച്ചുള്ള മാറ്റങ്ങൾ വേണമെന്നു കോർപ്പറേഷൻ നിർദ്ദേശിച്ചുവെങ്കിലും ഗവൺമെൻറിന് അതിനോട് യോജിക്കാൻ കഴിയാത്തതുകൊണ്ട് പഴയതോതിൽ പ്രവർത്തിക്കേണ്ടിവന്നിരിക്കുകയാണ്. കഴിയുന്നത്ര ചെലവു ചുരുക്കി കുറേക്കൂടി ഭേദമാക്കാൻ പരിശ്രമിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പാപ്പനംകോട് ബോഡിബിൽഡിംഗിന് 34,000 രൂപയോ 36,000 രൂപയോ ചെലവുവരും. അവിടെ അതു ചെയ്യുന്നതിനുള്ള നടപടിയെടുക്കാതെ 54,000 രൂപ, 56,000 രൂപ ചെലവു വരുന്ന വിധത്തിൽ പുറത്തുകൊടുത്ത് ബോഡിബിൽഡിംഗ് ചെയ്യിച്ചു എന്നു കേൾക്കുന്നത് ശരിയാണോ? അതു ശരിയാണെങ്കിൽ അങ്ങനെ പുറത്തുകൊടുത്തു നഷ്ടമുണ്ടാക്കാനുള്ള കാരണമെന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബോഡിബിൽഡിംഗിന് ഇവിടെയുള്ള 100 ശതമാനം കഴിവും ഉപയോഗിച്ചതിനുശേഷമാണ് വെളിയിൽ കൊടുത്തിട്ടുള്ളത്. 450 ബസ്സുകൾ ഈ വർഷം പുതുതായി വന്ന അവസരത്തിൽ എത്ര പരിശ്രമിച്ചാലും ഈ സമയത്തിനുള്ളിൽ ഇവിടെ അതിൻറെ മുഴുവൻ ബോഡിയും നിർമ്മിക്കാൻ കഴിയാത്തതുകൊണ്ട് മദ്രാസിലും മറ്റു സ്റ്റേറ്റു

LIBRARY ARCHIVES Kerala Legislative Assembly

കളിലും കൊടുത്തിട്ടുണ്ട്. വെളിയിൽ കൊടുത്തു എന്നു പറയുന്നത് ജയ്പ്പൂരിൽ 40 വണ്ടികളാണ്. ചെലവുനോക്കുമ്പോഴും അവിടെ ഇവിടത്തേക്കാളും പതിനായിരം രൂപ കുറവാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവിടെ സ്പെയർപാർട്സ് വാങ്ങിയതിലുള്ള അഴിമതിയെപ്പറ്റി ശ്രീ. വരദരാജൻ നായർ ഉന്നയിച്ച ആരോപണത്തിന് അന്വേഷിക്കാമെന്നും നടപടിയെടുക്കാമെന്നും പറഞ്ഞിരുന്നു. ആ നടപടി എത്രത്തോളമായി, അതിന്റെ ഫലം എന്താണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ പരാതി ഉന്നയിച്ചതായി ഞാൻ കേട്ടിട്ടില്ല. പർച്ചേസിൽ കുഴപ്പമുണ്ടെന്നു പരാതിവന്നപ്പോഴും അടുത്ത കാലത്ത് മിക്കവാറും എല്ലാ നടപടികളും അന്വേഷിക്കാനായി പോലീസിലെ വിജിലൻസ് സ്കാഡിനു വിട്ടുകൊടുത്തിരിക്കുകയാണ്. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ ബസ്സുകളും വാങ്ങുന്നതിനുവേണ്ടി വല്ല ഏജൻസിയിൽനിന്നും കടം വാങ്ങിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ ഇനത്തിൽ എന്തു കടം വാങ്ങിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉണ്ട്, രണ്ടു കോടി രൂപ വാങ്ങിയിട്ടുണ്ട്.

ശ്രീ. വി. ജെ. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭത്തിലല്ല നടക്കുന്നതെന്നു പറഞ്ഞു. സ്ഥാനം ഒഴിഞ്ഞ ജനറൽ മാനേജർ ശ്രീ. ബാബുപോൾ ഒരു പത്രപ്രസ്താവനയിൽ കാര്യകാരണസഹിതം കണക്കുകൾവച്ചുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭേതരിലാണ് നടക്കുന്നതെന്നു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. അതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കാമോ? ഇത് കുറുപ്പിന്റെ ഉറപ്പുപോലുള്ള പ്രസ്താവനയാണോ, നിയമസഭയിൽനിന്നുള്ള പല്ലവിയാണെന്നാണോ മനസിലാക്കേണ്ടത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുറുപ്പിന്റെ ഉറപ്പെന്നു കൂടെക്കൂടെ പറയണമെങ്കിൽ അത് ഈ സന്ദർഭത്തിനു യോജിച്ചതാണെന്നു തോന്നുന്നില്ല. കഴിഞ്ഞ ജനറൽ മാനേജർ ഒരു പ്രസ്താവനയിൽ ലാഭമുണ്ടെന്നും പിന്നെ ഒരു പ്രസ്താവനയിൽ ലാഭമില്ലെന്നും പറഞ്ഞിട്ടുണ്ട്. പക്ഷേ ചില കാര്യങ്ങൾ ചെയ്താൽ ലാഭത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ പറഞ്ഞത് അദ്ദേഹത്തിനാണോ ജോസഫിനാണോ ആർക്കാണ് മനസ്സിലാകാത്തതെന്നു അറിഞ്ഞുകൂടാ. കുട്ടികൾക്ക് കൺസഷൻ കൊടുക്കുന്നത് പണമായി തരുക, സർച്ചാർജ് വേണ്ടെന്നു വയ്ക്കുക ഇങ്ങനെയുള്ള മൂന്നു നാലു കാര്യങ്ങൾ ചെയ്താൽ ലാഭമുണ്ടാക്കാമെന്നാണ് പറഞ്ഞത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒൻപതുകോടി രൂപ കോർപ്പറേഷനു കടം കൊടുക്കാൻ ഗവൺമെന്റ് അനുവദിച്ചു എന്നു പറഞ്ഞു. ഈ ഒൻപതു കോടി രൂപയും നമ്മുടെ കോർപ്പറേഷന്റെ മൊത്തം വികസനത്തിനുവേണ്ടി വിനിയോഗിക്കാനാണോ, അതോ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ വകവച്ചുകൊടുക്കാൻവേണ്ടി വിനിയോഗിക്കാനാണോ ലഭിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നല്ലൊരു തുക ഉപയോഗിക്കുമ്പോൾ ഈ വർഷത്തിൽ മറ്റു പല പദ്ധതികളും നടപ്പാക്കാൻ കഴിയാതെ പോകും. അങ്ങനെ പോകാതിരിക്കാൻവേണ്ടിയാണ് ഒൻപതു കോടി രൂപ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. എം. വി. രാഘവൻ: ട്രാൻസ്പോർട്ട് കോർപ്പറേഷന് ചില കാര്യങ്ങളിൽ ലാഭമുണ്ടാക്കാനും നഷ്ടമുണ്ടാക്കാനും കഴിയുമെന്ന് മന്ത്രി പറഞ്ഞു. വലിച്ചാൽ നീളുകയും വിട്ടാൽ ചുരുങ്ങുകയും ചെയ്യുന്ന ഒരു മട്ടിലാണ് അതിന്റെ പോക്ക്. ഇപ്പോൾ 9 കോടി രൂപ കടം വാങ്ങുന്നു. ഈ വാങ്ങിയ കടം തിരിച്ചടയ്ക്കാൻ കോർപ്പറേഷന്റെ കൈവശമുള്ള ബസ്സുകളും മറ്റു സാധനങ്ങളും വിറ്റാൽ കിട്ടുമോ? എന്താണ് ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി?

ശ്രീ. കെ. നാരായണക്കുറുപ്പ്: വാങ്ങിയത് മടക്കിക്കൊടുക്കാമെന്നുള്ള ഉറപ്പോടുകൂടിയാണ് വാങ്ങുന്നത്.

ശ്രീ. എം. വി. രാഘവൻ: ഇപ്പോൾ എത്രയാണ് നഷ്ടമുള്ളത്? അതോ നഷ്ടമാണെന്നുള്ള പ്രചരണമാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതു തുടങ്ങിയ കാലം മുതൽ നഷ്ടത്തിലാണ്. 23 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

ശ്രീ. പി. ശങ്കർ: ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭത്തിലാക്കാൻ ശ്രമം നടത്തുന്നുണ്ടെന്നു പറഞ്ഞു. പക്ഷേ എന്നും നഷ്ടത്തിലാണ്. ഈ നഷ്ടം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ രണ്ടുമൂന്നു വർഷത്തെ കണക്കുകൊണ്ട് ഓരോ വർഷവും നഷ്ടം കുറഞ്ഞുവരികയാണോ കൂടി വരികയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോർപ്പറേഷന്റെ ലാഭനഷ്ടക്കണക്കു പരിശോധിക്കുമ്പോൾ ഈ കോർപ്പറേഷൻ എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളത് പരിഗണിക്കണം. ഇതൊരു കമേഴ്സ്യൽ സ്ഥാപനമാക്കാൻ ഒരിക്കലും പൊതുജനങ്ങൾ സമ്മതിക്കാറില്ല. ലാഭം ഉണ്ടെങ്കിലും ഇല്ലെങ്കിലും ആവശ്യമുള്ള സ്ഥലത്ത് വണ്ടികൾ ഓടിക്കേണ്ടതായി വരും. കൂടാതെ ജീവനക്കാരുടെ ശമ്പളനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്, ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തുമാത്രമേ ലാഭനഷ്ടക്കണക്കിനെക്കുറിച്ചു സംസാരിക്കാൻ കഴിയൂ.

ശ്രീ. ഒ. ലൂക്കോസ്: പല സ്ഥാപനങ്ങളിലിരുന്നും ആ സ്ഥാപനങ്ങളിലെല്ലാം ലാഭമുണ്ടാക്കിയ ശ്രീ. ബാബുപോളിനെ ട്രാൻസ്പോർട്ടു കോർപ്പറേഷൻ ജനറൽ മാനേജർ സ്ഥാനത്തുനിന്ന് മാറ്റിയത് ഈ സ്ഥാപനം അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ കൂടുതൽ നഷ്ടത്തിലേക്കു നീങ്ങുന്നു എന്നു തോന്നിയതുകൊണ്ടാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അദ്ദേഹം ഉദ്യോഗക്കയറ്റത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലേക്കു വന്നതാണ്. ഇക്കൊല്ലവും മൂന്നു കോടി രൂപ നഷ്ടമാണ്.

ശ്രീ. പി. പി. എസ്തോസ്: നമ്മുടെ ഗവൺമെന്റിൽനിന്ന് പണം കടം വാങ്ങിയിരിക്കുന്നത് ജീവനക്കാർക്ക് ശമ്പളം കൊടുക്കാനാണെന്ന് മന്ത്രി പറഞ്ഞു. ബസ്സുകളിൽ ബോർഡു കാണാറുണ്ട് കൊച്ചിൻ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിൽ പ്ലഡ്ജ് (Pledge) ചെയ്തിരിക്കുന്നു എന്ന്. ബസ്സുകളും ബാങ്കിൽ പ്ലഡ്ജ് ചെയ്ത് പണം കടം വാങ്ങിയാൽ പിന്നെ എന്തിനാണ് ഗവൺമെൻറിൽനിന്നും പണം വാങ്ങുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബാങ്കുകളിൽനിന്നും ലോണെടുത്താൽ കൂടുതൽ പലിശ കൊടുക്കേണ്ടിവരും. അതുകൊണ്ടാണ് പലിശയില്ലാതെ കടം വേണമെന്നാവശ്യപ്പെട്ടത്. ഗവൺമെൻറിന് പലിശ കൊടുക്കേണ്ടി വന്നാലും ബാങ്കിൽ കൊടുക്കുന്നത്രയും കൊടുക്കേണ്ടിവരികയില്ല.

ശ്രീ. ടി. എം. ജേക്കബ്: സ്വകാര്യ മേഖലയിൽ ബസ് സർവ്വീസ് നടത്തുന്ന ആളുകൾക്ക് ഓരോ വർഷവും വളരെയേറെ പണം ലാഭിക്കാൻ കഴിയുന്നുണ്ട്. പക്ഷെ കെ.എസ്.ആർ.ടി.സി. യിൽ പ്രതിവർഷം നഷ്ടമുണ്ടാകുന്നു. 23 കോടി രൂപ നഷ്ടമാണെന്നാണ് മനസ്സിലാകുന്നത്. ഇതിനെക്കുറിച്ച് പഠനം നടത്തി എന്തെങ്കിലും കാര്യമായ നിർദ്ദേശം വയ്ക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതേപ്പറ്റി ശരിയായ പഠനം നടത്തിയിട്ടുണ്ട്. പ്രൈവറ്റ് മേഖലയിൽ ലാഭമുണ്ടാക്കുന്നു എന്ന് പണ്ട് പറഞ്ഞത് ശരിയായിരിക്കാം, പക്ഷേ ഇപ്പോൾ ശരിയല്ല. പ്രൈവറ്റ് മേഖലയിൽ ചാർജു കൂട്ടിക്കൊടുത്തില്ലെങ്കിൽ ബസ് സർവ്വീസ് നിറുത്തേണ്ടിവരുമെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. മറ്റുള്ള ചെലവുകൾവച്ചു പരിശോധിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. യിൽ വലിയ നഷ്ടമുണ്ടെന്നു പറയാൻ കഴിയുകയില്ല. മറ്റു സംസ്ഥാനങ്ങളിൽ റേറ്റ് കൂടുതലാണ്. വേജസ് ഇത്ര ഇല്ല. ഇതു രണ്ടും പരിഗണിക്കാമെങ്കിൽ കേരളത്തിൽ വളരെയേറെ മാറ്റം ഉണ്ടാകും.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ 23 കോടി രൂപ നഷ്ടമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത്രയും ഭീമമായ നഷ്ടം നികത്തുന്നതിനുള്ള വല്ല പരിപാടിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: തുടങ്ങിയ കാലംമുതൽ ഇന്നുവരെയുള്ള നഷ്ടത്തിൻെറ കണക്കാണ് പറഞ്ഞത്. ഈ തുക മുഴുവൻ ഒന്നിച്ചു പരിഹരിക്കാൻ കഴിയുകയില്ല. പക്ഷേ കോർപ്പറേഷൻ കാര്യമായി പുതിയ ബസ്സുകൾ ഇറക്കി അതു നടപ്പിലാക്കുമ്പോൾ കുറേ നഷ്ടം കുറയ്ക്കാമെന്നു മാത്രമേയുള്ളൂ. ലാഭ നഷ്ട കണക്കിനെപ്പറ്റി നിയമസഭയിൽ പലപ്പോഴും സംസാരിക്കാറുണ്ട്. വെളിയിൽ പൊതുജനങ്ങളുടെ അഭ്യർത്ഥന അംഗീകരിച്ചാൽ പകുതി റൂട്ടുകളിൽ നഷ്ടപ്പെട്ടു മാത്രമേ ഓടിക്കാൻ കഴിയുകയുള്ളൂ. ഏതു റൂട്ടിൽ വണ്ടി ഓടിച്ചാലും 120 ആളെ കിട്ടിയെന്നു വരികയില്ല. പത്താളുള്ള റൂട്ടിലും പതിനഞ്ചാളുള്ള റൂട്ടിലും വണ്ടി ഓടിക്കേണ്ടിവരും. ഇന്ന് ഓടിക്കുന്നതിൽ പകുതി റൂട്ടുകളും ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി നഷ്ടം സഹിച്ചാണ് ഓടിക്കുന്നതെന്നു പറഞ്ഞാൽ ആരും സമ്മതിക്കുകയില്ല. പരമാർത്ഥം ഇതാണ്. ജനങ്ങളുടെ സൗകര്യമാണോ സർക്കാരിൻെറ ലാഭമാണോ ഏതാണ് വേണ്ടതെന്ന തീരുമാനം നാം എടുക്കേണ്ടതുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: നഷ്ടം നികത്തുന്നതിൻെറ ഭാഗമായി മറ്റു സംസ്ഥാനങ്ങളിൽ റോഡു ട്രാൻസ്പോർട്ട് കോർപ്പറേഷനിൽനിന്ന് കൺസഷൻ കൊടുക്കുന്നതിനു വേണ്ടിവരുന്ന തുക ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

റീ ഇംപേഴ്സു ചെയ്യാറുണ്ട്. നഷ്ടം നികത്തുന്നതിനുവേണ്ടി കെ. എസ്. ആർ. ടി. സി. കൺസഷനുവേണ്ടി കൊടുക്കുന്ന തുക റീ ഇംപേഴ്സു ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്വീകരിച്ചിട്ടില്ല. അങ്ങനെ ലഭിച്ചാൽ നഷ്ടം പരിഹരിക്കാൻ കഴിയും. അതു മാത്രമല്ല മറ്റു പല സംസ്ഥാനങ്ങളിലുമുള്ളതുപോലെ ആറു പൈസ ഈടാക്കിയാൽ 10 കോടി രൂപ കൂടുതൽ കിട്ടും. അതല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ കൊടുക്കുന്ന വേജ് നിരക്ക് അംഗീകരിക്കുകയാണെങ്കിൽ ഒൻപതുകോടി രൂപ ലാഭം കിട്ടും. ചാർജു കൂട്ടാനും പാടില്ല കൂലി കുറയ്ക്കാനും പാടില്ല ലാഭത്തിൽ കൊണ്ടു പോവുകയും വേണമെന്നു പറഞ്ഞാൽ അതൊരു വല്ലാത്ത ഏർപ്പാടാണ്.

ശ്രീ. എം. വി. രാജഗോപാലൻ: പത്താളേയും പതിനഞ്ചാളേയും വച്ച് ചില റൂട്ടുകളിൽ ബസ് ഓടിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. എന്നാൽ സമയത്തിന് കൃത്യമായി കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇല്ല എന്നുള്ളതും, എന്നാൽ പ്രൈവറ്റ് ബസ്സുകൾ സൗകര്യപ്രദമായി സമയത്തിനും കൃത്യമായും ഓടിക്കുന്നുണ്ടെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തൊഴിലാളികളുമായി എന്തെങ്കിലും എഗ്രിമെൻറുണ്ടോ എന്നറിഞ്ഞുകൂടാ. അങ്ങനെ തൊഴിലാളികൾ ചെയ്യുകയില്ല. പക്ഷേ പല സ്ഥലങ്ങളിലും സമയം തെറ്റി വണ്ടി ഓടിക്കുന്നു എന്ന് പരാതിയുണ്ട്. വണ്ടികൾ കേടു വന്നാൽ നന്നാക്കിയതിനുശേഷം മാത്രമേ ഓടിക്കാൻ സാധിക്കുകയുള്ളു. പകരം വണ്ടികൾ ഓടിക്കാൻ കഴിയുകയില്ല. നിയമസഭയിൽ ഇതെല്ലാം പറഞ്ഞു കഴിഞ്ഞതിനുശേഷം പല മെമ്പർമാരും എനിക്കൊരു പുതിയ റൂട്ട് എനിക്കൊരു പുതിയ റൂട്ട് എന്നു പറഞ്ഞ് പഴയ പ്രൈവറ്റ് മേഖലകളുമായി മൽസരിക്കുന്ന ഭാഗങ്ങളിലേക്ക് വണ്ടി ഓടിക്കാൻ നിർബന്ധിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇന്നത്തെ നഷ്ടത്തിൽ ഭൂരിഭാഗവും ഉണ്ടായിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബഹുമാനപ്പെട്ട മന്ത്രി ട്രാൻസ്പോർട്ട് കോർപ്പറേഷൻ കുറച്ചുകൂടി നന്നാക്കുന്നതിനുവേണ്ടി കൂടുതൽ വണ്ടികൾ ഇറക്കാൻ ശ്രമിക്കുന്നുണ്ടെന്നു പറഞ്ഞു. 24 കോടി രൂപ നഷ്ടം ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ഒരു സ്ഥാപനത്തിൽ യഥാർത്ഥത്തിൽ മറ്റു ബാങ്കിംഗ് സ്ഥാപനങ്ങളിൽനിന്ന് പണം വായ്പയ്ക്കു ലഭിക്കുമോ; നഷ്ടമില്ലാത്ത ഒരു കണക്കു കാണിച്ച് കുറേ ബസ്സുകളെങ്കിലും വാങ്ങാൻ വല്ല പരിശ്രമവും നടത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നഷ്ടമില്ലാത്ത കണക്കു കാണിക്കേണ്ട കാര്യമില്ല. കോർപ്പറേഷൻ ചെയ്ത സേവനങ്ങൾക്ക് പണം കിട്ടിയാൽ ഒരു പക്ഷേ ഇതൊക്കെ നികത്താൻ കഴിയും. പക്ഷേ ഗവൺമെൻറിന്റെ വകയാണ് കോർപ്പറേഷൻ. അതുകൊണ്ട് ഗവൺമെൻറിന് ചില സംവിധാനങ്ങൾ ചെയ്തു കൊടുക്കേണ്ടതായി വരും. ലാഭമില്ലെങ്കിലും കുട്ടികൾക്ക് കൺസഷൻ കൊടുക്കേണ്ടി വരും, ജനങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് ചില റൂട്ടുകളിൽ നഷ്ടം സഹിച്ചും വണ്ടി ഓടിക്കേണ്ടി വരും. പ്രൈവറ്റ്കാരെപ്പോലെ ലാഭമില്ലെങ്കിൽ ഓടിക്കുകയില്ല എന്നു വച്ചാൽ ലാഭമുണ്ടാകും. അതു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സാധിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും കൊടുക്കുന്ന കൺസഷൻ മൂലമുണ്ടാകുന്ന നഷ്ടവും മറ്റു നഷ്ടവുംകൂടി എത്ര തുകയാണ് വരുന്നത്. ഇതുരണ്ടുംകൂടി എടുത്തുനോക്കിയാൽ കുട്ടികൾക്ക് കൺസഷൻ കൊടുക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം നികത്തിയാൽ ഈ നഷ്ടം ശരിയാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: രണ്ടേകാൽ കോടി രൂപയോളം വരും. നഷ്ടം വരുന്നു എന്നു മാത്രമല്ല കുട്ടികളെ ഇറക്കി വണ്ടികൾ മടങ്ങിപ്പോകുന്നത് എംപ്ലോയീസ് സർവീസായിട്ടാണ്. അതിലും നഷ്ടമുണ്ടാകും.

ശ്രീ. ഇ. അഹമ്മദ്: ലാഭമുണ്ടാക്കാനുള്ള പല പരിപാടികളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ സ്വകാര്യ മേഖലക്കാർ ഓടിക്കുന്ന റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്ന കാര്യത്തെ സംബന്ധിച്ച് പരാമർശിച്ചു. ലാഭമുണ്ടാക്കുന്ന പല റൂട്ടുകളും ദേശസാൽക്കരിച്ചിരിക്കുകയാണ്. അവിടെ ഇപ്പോൾ വേണ്ടത്ര ബസ്സുകൾ ഇല്ല. അതേയവസരത്തിൽ ലാഭമില്ലാത്തിടത്ത് വേണ്ടതിലധികം ബസ്സുകൾ ഉണ്ട്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദാഹരണത്തിന് കോഴിക്കോട് വയനാട് റൂട്ട് ഏറ്റവും ലാഭകരമായ റൂട്ടാണ്. അത് ദേശസാൽക്കൃത റൂട്ടാണ്. അവിടെ ആവശ്യമായ ബസ് ഓടിക്കുകയാണെങ്കിൽ അത് കോർപ്പറേഷന് ലാഭമുണ്ടാക്കാനും ജനങ്ങളുടെ വിഷമതകൾ പരിഹരിക്കാനും ഒരളവുവരെ നഷ്ടം പരിഹരിക്കാനും സഹായകമാകുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേശസാൽക്കൃത റൂട്ടുകളിൽ ഓടിക്കാനുള്ള ബസ്സുകൾ മാത്രമേ കോർപ്പറേഷനിൽ ഉള്ളൂ. അതിൽ നല്ലൊരു ഭാഗം ബസ്സുകൾ നാം പ്രൈവറ്റ് റൂട്ടുകളുള്ള മേഖലയിൽകൂടി ഓടിക്കുന്നുണ്ട്. അത് കോർപ്പറേഷന് താൽപ്പര്യം ഉണ്ടായിട്ടല്ല. കോർപ്പറേഷന് ലാഭമുണ്ടാകുമെന്നു കരുതിയുമല്ല. കോർപ്പറേഷന് ഈ നാട്ടിലെ പൊതുജനങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെ എഴുനൂറും എണ്ണൂറും ബസ്സുകൾ ഓടിക്കുന്നുണ്ട്. അതിൽ ഭൂരിഭാഗവും നഷ്ടപ്പെട്ടാണ് ഓടിക്കുന്നത്. ദേശസാൽക്കരിച്ച ഭാഗങ്ങളിൽ മാത്രം മതിയെന്നു വച്ചാൽ നഷ്ടം പരിഹരിക്കാൻ കഴിയും, യാത്രാക്ലേശവും പരിഹരിക്കാൻ കഴിയും. പക്ഷേ ഇവിടെ പറയുന്നതു പോലെ നടപ്പാക്കാൻ കഴിയുകയില്ല. വെളിയിൽ കാര്യങ്ങൾ മറിച്ചാണ്.

ശ്രീ. എം. കെ. ഹേമചന്ദ്രൻ: സ്വകാര്യ വ്യക്തികളുടെ കൈയ്യിലുള്ള ബസ്സുകൾ ഓടിക്കുന്നതുപോലും കാലം കോർപ്പറേഷന്റെ കയ്യിലുള്ള ബസ്സുകൾ ഓടിക്കാതിരിക്കാൻ കാരണമെന്താണ്? ഇതു കൊണ്ടു കൂടിയല്ലേ ഭീമമായ നഷ്ടം ഉണ്ടാകുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അല്ല സർ, കോർപ്പറേഷന്റെ കൈവശമുള്ള ബസ്സുകളാണ് കൂടുതൽ ഓടിക്കുന്നത്. പതിനെട്ടും പത്തൊൻപതും വർഷം പ്രായമുള്ള ബസ്സുകൾ കോർപ്പറേഷനിൽ ഓടിക്കുന്നതു പോലെ പ്രൈവറ്റ് മേഖലയിൽ വളരെ കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly